# 10

# ക്രിസ്തുവിന്റെ കൂട്ടം

*"ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആളുകൾ എനിക്കു ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കും ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും" (യോഹന്നാൻ 10:16).*

*"നിങ്ങളെതന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ, ..." (പ്രവൃത്തികൾ 20:28).*

എന്റെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുമ്പോൾ കുട്ടികളുടെ കഥയായ നിരാശപ്പെട്ട ക്ലോക്കിനെയാണ് എനിക്ക് ഓർമ്മ വരുന്നത്. ഓരോ വർഷവും എത്രയാണ് അടിച്ചു തീർക്കേണ്ടതു എന്നു മുത്തച്ഛൻ ക്ലോക്ക് എണ്ണുവാൻ തുടങ്ങി, ആ സംഖ്യ അവനു വിറയലുണ്ടാക്കി. അത്രയും സുദീർഘമായി അടിക്കുന്നതോർത്തു നിരാശയായി അടിക്കുന്നതു നിർത്തുവാൻ തീരുമാനിച്ചു. കൂട്ടുകാരനായ മറ്റൊരു ക്ലോക്ക് അവന്റെ നിരാശ തിരിച്ചറിഞ്ഞു അവനോടു സംസാരിക്കുവാൻ തുടങ്ങി. അവൻ പറഞ്ഞു, തനിക്കു ഒരു സമയത്തു ഒരു ദിവസമേ ഉള്ളു, ഒരു സമയത്തു ഒരു മണിക്കൂറേ അടിക്കേണ്ടതുള്ളു, ഒരു സമയം ഒരു മിനിറ്റും, ഒരു സമയത്തു ഒരടി മാത്രമേ ഉള്ളു എന്നും അറിയിച്ചു. അവന്റെ ഉത്തേജനം മുത്തച്ഛൻ ക്ലോക്കിന്റെ നിരാശയകറ്റി. ഒരു സമയത്ത് ഒരടി മാത്രമേ അടിക്കേണ്ടതുള്ളു എന്ന ചിന്ത, മനസ്സിനെ ഉണർത്തി, ജീവനിൽ ഒരു പുതിയ കാഴ്ച്ചപ്പാട് നല്കി, വീണ്ടും അടിക്കുവാൻ അവനെ ഉത്സാഹിപ്പിച്ചു.

നമ്മുടെ കർത്താവു പ്രബോധിപ്പിച്ചു, "അതുകൊണ്ടു, നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി" (മത്തായി 6:34). ജീവിതത്തിൽ നിരാശ അകറ്റുവാനായി ഒരു സമയം ഒരു ദിവസമേയുള്ളു എന്നു ഓർമ്മിക്കുക.

നിങ്ങൾക്കു ഭയമുണ്ടോ? ദൈവ ജനത്തിന്മേൽ ദുഷ്ടതയ്ക്കുള്ള വലിയ സ്വാധീനത്തെക്കുറിച്ചു നിങ്ങൾ വ്യാകുലപ്പെടുന്നുണ്ടോ? നാളെ എന്തു സംഭവിക്കും എന്നോർത്തു നിങ്ങൾ വ്യാകുലപ്പെടാറുണ്ടോ? കർത്താവിനോടുള്ള നിങ്ങളുടെ കർത്തവ്യം നിറവേറ്റുന്നതിൽ നിങ്ങൾക്കു കുഴപ്പം നേരിടാറുണ്ടോ?

ഈ ഭയങ്ങളെയും മറ്റുള്ളവയെയും നേരിടുവാൻ യേശു യോഹന്നാൻ 10-ൽ ഒരു ചിത്രീകരണം നല്കുന്നു. ആടുകളും ഇടയനും തമ്മിലുള്ള ബന്ധം എടുത്തു തന്റെ ശിഷ്യന്മാരോടുള്ള തന്റെ ബന്ധം എന്താണെന്നു പറയുന്നു. നിങ്ങൾ ഉൽകണ്ഠാകുലരാകുകയോ ഭയപ്പെടുകയോ ചെയ്യുമ്പോൾ, അവന്റെ ചിത്രീകരണം ഓർമ്മിക്കുക. അതു "ലോകത്തിൽ ഉള്ളവനേക്കാൾ വലിയവൻ നിങ്ങളിൽ ഉണ്ട്" എന്ന തിരിച്ചറിയൽ നിങ്ങളെ ആശ്വസിപ്പിക്കും (1 യോഹന്നാൻ 4:4). യേശുവിന്റെ അനുയായികൾക്കു ലഭിക്കുന്ന വലിയ സ്നേഹത്തെയും കരുതലിനെയും ഓർമ്മിപ്പിക്കുന്നു.

അവൻ ഈ ചിത്രീകരണം അവന്റെ അനുയായികളായ സഭയിലുള്ളവരോടു ഭാവിയിൽ അവന്റെ ബന്ധം എങ്ങനെ ആയിരിക്കും എന്നു വെളിപ്പെടുത്തുന്നു[1] (മത്തായി 16:18). ആ ഉപമ വിവരിക്കുന്നതു നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവനെ നല്കും എന്നാണ് (യോഹന്നാൻ 10:15, 17, 18). ഇതു നേരിട്ടുള്ള അവന്റെ ക്രൂശീകരണത്തെ സൂചിപ്പിക്കുന്നു, അതു വഴിയാണ് അവൻ തന്റെ സഭയെ വിലെക്കു വാങ്ങിയത് (പ്രവൃത്തികൾ 20:28; എഫെസ്യർ 5:25). തന്റെ അടുക്കലേക്കു വരുന്ന മറ്റു ആടുകളെക്കുറിച്ചും അവൻ പറയുകയുണ്ടായി: "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനിക്കു ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും" (യോഹന്നാൻ 10:16). ഈ വാക്യങ്ങളിൽ നിന്നു നാം മനസ്സിലാക്കുന്നതു ഇന്നു ക്രിസ്തുവിന്റെ ആട്ടിൻകൂട്ടം എന്നു പറയുന്നതു സഭയാണ്.

അവന്റെ ആട്ടിൻ കൂട്ടമാണ് സഭ എന്നു വിചാരിച്ചാൽ, ക്രിസ്തു സഭയ്ക്കുവേണ്ടി ചെയ്തതിനെ നാം അനുമോദിക്കും. അതുകൊണ്ടു, നമുക്കു ചോദിക്കാം, "തന്റെ ആട്ടിൻ കൂട്ടമായ സഭയോടു ക്രിസ്തുവിനു എന്തു ബന്ധമാണുള്ളത്? ഒരു ഇടയൻ ആയി, സഭയ്ക്കു വേണ്ടി, ക്രിസ്തു എന്തു ചെയ്യുന്നു?"

## ക്രിസ്തു സഭയുടെ കർത്താവു ആകുന്നു

ഈ ഉപമയിലെ ആദ്യ സത്യം എന്തെന്നാൽ ക്രിസ്തുവാണ് സഭയുടെ കർത്താവു. യേശു ഇഷ്ടപ്പെടുന്ന ഇടയന്റെ കീഴിലുള്ള ആടുകൾ അവന്റെ ഉടമസ്ഥതയിലാണ്; അവനാണ് ആട്ടിൻകൂട്ടത്തിന്റെ പരമാധികാരി.

ആടുകൾ ഇടയന്റെ ഉടമസ്ഥാവകാശത്തിലാകുന്നതുപോലെ, ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തിൽ പ്രവേശിക്കുന്നവർ ക്രിസ്തുവിന്റെ കൈവശത്തിൽ പെടുന്നു. ഈ ഉടമസ്ഥാവകാശം രണ്ടു ദിശകളിലേക്കു നീങ്ങുന്നു: ഒന്നു, ആടു ഇടയനുവേണ്ടി ജീവിക്കുന്നു എന്നർത്ഥം. നാം ക്രിസ്തുവിനുള്ളവർ ആകകൊണ്ടു നാം അവന്റെ ദാസന്മാർ ആകുന്നു (ഫിലിപ്പിയർ 1:1) രണ്ടു, ഇടൻ ആടുകൾക്കുവേണ്ടി മരിക്കും എന്ന സൂചന നല്കുന്നു. ആടുകളുടെ ഉടമസ്ഥനായ ഇടയൻ, ആടുകളെ സ്നേഹിക്കുന്നു, അവയോടുള്ള അവന്റെ ഉത്തരവാദിത്വം, അവയെ പോറ്റി പുലർത്തുക എന്നതാണ്. ഉടമസ്ഥാവകാശം വലിയ ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നു, നല്ല ഇടയൻ ആ ഉത്തരവാദിത്വം നിറവേറ്റും.

ആരോ പറഞ്ഞു, "കുട്ടികൾക്കുവേണ്ടി മാതാപിതാക്കൾ ചെയ്യുന്നതു പോലെ ആരും ചെയ്യുകയില്ല." ഈ സത്യത്തിനുള്ള കാരണം വ്യക്തമാണ്: മാതാപിതാക്കൾക്കു തങ്ങളുടെ മക്കളെ തിരിച്ചറിയാം. അവർ തങ്ങളുടെ മക്കളെ ലോകത്തിലേക്കു കൊണ്ടുവരുന്നു; അവരുടെ മാംസവും രക്തവുമാണ് അവർ; അവരാണ് അവരുടെ ഉത്തരവാദികൾ. അവർ മക്കളിൽ സന്തോഷിക്കുന്നു; അവർക്ക് ആവശ്യമുള്ളതു നല്കുന്നു, അവരുടെ ഭാവിക്കുവേണ്ടി കരുതുന്നു.

സർവ്വ ശക്തനും ദൈവപുത്രനുമായ ക്രിസ്തു, തനിക്കുള്ളവർക്കു വേണ്ടി സൗമ്യതയോടെ പൂർണ്ണമായും കരുതുന്നു, എന്നു നമുക്കു തീർച്ചയുണ്ട്. തന്റെ ഭൗതിക ആവശ്യങ്ങൾ തുടർന്നും തരുന്ന ദൈവത്തിനു ദാവീദ് സങ്കീർത്തനങ്ങളിൽ സ്തോത്രം അർപ്പിക്കുന്നുണ്ട്: "ഞാൻ ബാലനായിരുന്നു, വൃദ്ധനായിതീർന്നു; നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല" (സങ്കീർത്തനങ്ങൾ 37:25). ഗിരിപ്രഭാഷണത്തിൽ യേശു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കയുണ്ടായി, "ആകയാൽ നാം, 'എന്തു തിന്നും' 'എന്തു കുടിക്കും' 'എന്തുടുക്കും' എന്നിങ്ങനെ വിചാരപ്പെടരുത്"' (മത്തായി 6:31). യേശു പറഞ്ഞു, "മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). നമ്മുടെ നല്ല ഇടയൻ സമ്പാദിച്ചിരിക്കകൊണ്ടു അവൻ നമ്മുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറ്റും.

സത്യം നമ്മെ വലുതായി ബാധിക്കും. യേശുവിന്റെ ഉടമസ്ഥതയിലാണ് എന്നതിനർത്ഥം നമ്മുടെ മേൽ നിയന്ത്രണം അവനാണുള്ളത് എന്നാണ്. നാം എന്തിനു വിചാരപ്പെടണം? നാം എന്തിനു ഭയപ്പെടണം? നമ്മെ സൃഷ്ടിക്കുന്ന നല്ല ഇടയനിൽ ആശ്രയിക്കുക. യേശുവിനെ കർത്താവായി സ്വീകരിക്കുക എന്നതാണ് നമ്മുടെ കടമ; മറ്റെല്ലാം അവൻ കൈകാര്യം ചെയ്യും.

### ക്രിസ്തു സഭയെ നയിക്കുന്നു

രണ്ടു, "നല്ല ഇടയൻ" എന്ന ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നതു ക്രിസ്തു സഭയെ നയിക്കുന്നു എന്നാണ്. ആട്ടിൻകൂട്ടം ഇടയനെ അനു

ഗമിക്കുന്നതു പോലെ സഭ ക്രിസ്തുവിനെ അനുഗമിക്കുന്നു. നാം അവന്റെ ശബ്ദം കേട്ടു തിരിച്ചറിഞ്ഞു അതിനു മറുപടി നല്കുന്നു. യേശു പറഞ്ഞു,

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ തൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. അവനു വാതിൽ കാവൽക്കാരൻ തുറന്നു കൊടുക്കുന്നു. ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു. തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടു പോകുന്നു (യോഹന്നാൻ 10:1–3).

ഓരോ രാത്രിയിലും, ഇടയൻ ആടുകളെ തൊഴുത്തിലേക്കു കൊണ്ടു പോകും, ചുറ്റും – ചുമരുകളുള്ള തൊഴുത്തിനു ഒരു വാതിലേ ഉള്ളു. ആ വാതിൽക്കൽ കാവൽക്കാരൻ രാത്രി മുഴുവൻ ഉണ്ടായിരിക്കും. പ്രഭാതത്തിൽ, ഇടയൻ വരുമ്പോൾ കാവൽക്കാരൻ തിരിച്ചറിയും. അവൻ പിന്നെ കൂട്ടത്തിലേക്കു കടക്കുവാൻ അനുവദിക്കും, അവന്റെ ആടുകളെ പേർ ചൊല്ലി വിളിക്കും, പിന്നെ അവയെ പുല്പുറങ്ങളിലേക്കു കൊണ്ടു പോകും. കള്ളനോ, കവർച്ചക്കാരനോ ആണെങ്കിൽ ചുമരിനു മുകളിൽ കൂടെ കടക്കും. അവനെ കാവൽക്കാരൻ തിരിച്ചറിയാത്തതുകൊണ്ടു പ്രവേശിപ്പിക്കയില്ല.

യേശു പിന്നെയും പറഞ്ഞു, "തനിക്കുള്ളവയെ ഒക്കെയും പുറത്തു കൊണ്ടു പോയ ശേഷം, അവൻ അവയ്ക്കു മുമ്പായി നടക്കുന്നു, ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ടു അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകുന്നു" (യോഹന്നാൻ 10:4, 5). പ്രഭാതത്തിൽ, അവൻ ആട്ടിൻ കൂട്ടത്തെ പുറത്തുകൊണ്ടു വരികയും, അവൻ അവയെ പേർചൊല്ലി വിളിച്ച് അവയ്ക്കു മുമ്പായി നടക്കുന്നു. അവന്റെ ആടുകൾ അവന്റെ ശബ്ദം കേട്ട് അവങ്കലേക്ക് ഓടുന്നു. ആടുകൾ കൂട്ടം വിട്ടുപോയാൽ, ഇടയന്റെ സുരക്ഷിതത്വം ഇല്ലാതാകുന്നു. അവനിൽ പൂർണ്ണമായി അവ ആശ്രയിച്ചാൽ അവയ്ക്കു തീർച്ചയായും, ഉപദ്രവങ്ങളിൽ നിന്ന് സ്വതന്ത്രരാകുവാനും കഴിയും.

ഇടയനായിരുന്നു ആടുകളുടെ മൊത്തത്തിലുള്ള യജമാനൻ. അവൻ അവയെ നയിക്കുന്നേടത്തൊക്കെയും ആടുകൾ പോകുന്നു. അവ അവന്റെ സഹായത്തിലും ജ്ഞാനത്തിലും ആയിരുന്നു. എല്ലാ മൃഗങ്ങളിൽ നിന്നും ആടുകൾക്ക് പിൻപറ്റുന്ന സ്വഭാവമാണുള്ളത്. അവയ്ക്ക് നല്ല ദിശാബോധമില്ല അവ സ്വയമായി പോയാൽ, അവ അപകടത്തിൽ ചെന്ന് ചാടുവാനാണ് സാധ്യത. എങ്ങനെയായാലും, ശരിയായി നയിച്ചാൽ അവ നല്ല ജീവിതം ആസ്വദിക്കും.

ഈ കാര്യത്തിൽ നാം ആടുകളെ പോലെയാണ്. നായകത്വം ഇല്ലെങ്കിൽ, നാം കുരുടരെ പോലെ ഇടറുകയും സഹായത്തിനായി കൈനീട്ടുകയും ചെയ്യും. യെശയ്യാവ് എഴുതി, "നാം എല്ലാവരും ആടുകളെ

പോലെ തെറ്റി പോയിരുന്നു, നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു; ...'' (യെശയ്യാവ് 53:6). യിരെമ്യാവ് പറഞ്ഞു, "യഹോവേ, മനുഷ്യന്, തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടി കളെ നേരെയാക്കുന്നതും; സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവ് 10:23). നമുക്ക് ശരിയായ സഹായം ഇല്ലെങ്കിൽ പരിഹരി ക്കുന്നത് അപകടമായിരിക്കും.

ആടുകൾക്ക് നല്ല ഇടയൻ എന്ന പോലെയാണ് യേശു നമുക്ക് – അവൻ നമ്മുടെ നായകനും സഹായിക്കുന്നവനും ആണ്. അവൻ സഭ യുടെ തലയാണ് (എഫെസ്യർ 5:23), നമ്മുടെ രക്ഷാ നായകൻ നമ്മെ തേജസ്സിലേക്ക് നടത്തുന്നു (എബ്രായർ 2:10). നാം "ദൈവജ്ഞാന ത്തിനും, നീതിക്കും, വിശുദ്ധീകരണത്തിനും വീണ്ടെടുക്കുന്നതിനും" (1 കൊരിന്ത്യർ 1:30) യേശുവിനെ നോക്കുന്നു. നമ്മുടെ കഴിവുകേടു കൾ മനസ്സിലാക്കി ക്രിസ്തീയ വർഗ്ഗത്തിന്റെ കേന്ദ്ര കാരണം അവനാ യതുകൊണ്ട് "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവ നുമായ യേശുവിലേക്ക് നമ്മുടെ കണ്ണുകളെ ഉയർത്തുക" (എബ്രാ യർ 12:2). നാം വെറുതെ *അവനെ* നോക്കുകയല്ല: നാം *അവനെ* നമ്മുടെ നായകനായും കർത്താവായും നോക്കണം.

അർദ്ധരാത്രിയിൽ ഹെഡ്ലൈറ്റ് ഇല്ലാത്ത കാറുമായി മലയിലെ, വളഞ്ഞു – തിരിഞ്ഞ, റോഡിലൂടെ യാത്ര ചെയ്യുന്നു എന്നു വിചാരി ക്കുക. അങ്ങനെ ചെയ്യുന്നത് ആത്മഹത്യാപരമാണ്. അപകടം ഒഴിച്ചു കൂടാനാവാത്തതാണ്; നിങ്ങൾക്ക് അറിഞ്ഞു കൂടാത്തത് അപകടം എവിടെ അല്ലെങ്കിൽ എപ്പോൾ സംഭവിക്കും എന്നതാണ്. ഇതേ സാഹ ചര്യം പോലെയാണ് ഒരു പാപിയായ വ്യക്തി ഈ ലോകത്തിൽ ദൈവ സഹായം കൂടാതെ തന്റെ വഴി നേരെയാക്കുവാൻ ശ്രമിക്കുന്നത്. ഹെഡ്ലൈറ്റ് ഇല്ലാതെ ഒരാൾ അപകടകരമായ റോഡിലൂടെ ഓടിക്കു ന്നതു പോലെ, നാശത്തിലേക്കാണ് പോകുന്നത്!

എങ്ങനെയായാലും, യേശു നമുക്ക് ഉറപ്പുതരുന്നത്, ജീവിതത്തിന്റെ പർവ്വതങ്ങളിൽ, താഴ്വരകളിലും, കുഴികളിലും, കുന്നുകളിലും നാം ഭയപ്പെടേണ്ട ആവശ്യം ഇല്ല എന്നാണ്. യേശു നമ്മുടെ നായകനായിട്ട്, നമ്മുടെ ജീവിതയാത്ര തുടരുമ്പോൾ നമുക്ക് ആശ്വാസവും സുരക്ഷി തത്വവും നല്കുന്നു.

ഒരു കൂട്ടം നായാട്ടുകാർ ആഫ്രിക്കയിലെ വനത്തിലൂടെ പോയ പ്പോൾ, അവരുടെ ഗൈഡിനോട് ചോദിച്ചു, "നിങ്ങളുടെ കയ്യിൽ ഒരു മ്യാപ്പ് ഉണ്ടോ?" അവൻ പറഞ്ഞു, "ഞാനാണ് നിങ്ങളുടെ മ്യാപ്പ്!" ഇതാണ് യേശുവിന്' നമ്മോടുളള ബന്ധം – അവന്റെ വചനം മുഖാന്ത രം, അവനാണ് നമ്മുടെ മ്യാപ്പ്! ആരോ പറഞ്ഞു, "ഒരാൾക്ക് അവനെ കേട്ടുകൊണ്ട് യേശുവിനെ അനുഗമിക്കാതെതിരിക്കാം, എന്നാൽ അവനെ കേൾക്കാതെ യേശുവിനെ അനുഗമിക്കാൻ സാധ്യമല്ല." നാം യേശുവിന്റെ വാക്ക് ശ്രദ്ധിച്ചു അവനെ അനുഗമിക്കണം.

നമ്മുടെ മോശമായ ദിശാബോധത്തെയും തന്മൂലമുളള നിരാശ യെയും തിരിച്ചറിഞ്ഞ്, നമുക്ക് സർവ്വ – ജ്ഞാനിയായും, തെറ്റു പറ്റാതെ നയിക്കുന്നവനുമായ ഇടയൻ ഉളളതുകൊണ്ട് നിരാശ നീക്കി യേശു

വിനോടുള്ള ബന്ധത്തിൽ നമുക്ക് അവനെ അനുമോദിക്കാം. നമ്മുടെ ഏറ്റവും മുഖ്യമായ ആവശ്യം നമ്മുടെ സർവ്വശക്തനും, സർവ്വ – ജ്ഞാനിയും ആയ നായകൻ നിറവേറ്റും.

**ക്രിസ്തു സഭയെ സ്നേഹിക്കുന്നു**

മൂന്ന്, ഈ ഉപമ, ക്രിസ്തു നല്ല ഇടയനായി സഭയെ സ്നേഹിക്കുന്നു എന്നു കാണിക്കുകയും അവൻ തന്റെ ജീവൻ അതിനായി സമർപ്പിക്കുകയും ചെയ്തു എന്നാണ്. അവൻ ആടുകളെ കരുതുകയും തന്റെ ജീവിതയാഗത്താൽ സംരക്ഷിക്കുകയും ചെയ്യുന്നു. യേശു പറഞ്ഞു,

> ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരനോ ചെന്നായ് വരുന്നത് കണ്ട് ആടുകളെ വിട്ടു ഓടിക്കളയുന്നു. ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ചു കളയുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമല്ലൊ. ഞാൻ നല്ല ഇടയൻ; പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു; ആടുകൾക്കുവേണ്ടി ഞാൻ ജീവനെ കൊടുക്കുന്നു (യോഹന്നാൻ 10:11–15).

രണ്ടു തരം ഇടയന്മാരുടെ വൈപരീത്യത്തിലാണ് യേശു, നല്ല ഇടയനായി നില്ക്കുന്നത്. ഒന്ന്, തനിക്കായി സേവിക്കുന്ന കൂലിക്കാരനായ, ഒരു ഇടയനല്ല അവൻ. ഒരു കൂലിക്കാരൻ കരുണയില്ലാത്തവനാണ്; അവൻ ശമ്പളത്തിന് ജോലി ചെയ്യുന്നു. എന്നാൽ യേശു അത്തരം തിന്മയോ ദുഷ്ടതയോ ഉള്ളവനല്ല; കൂലിക്കാരന് യഥാർത്ഥമായ ഇടയനെ പോലെ ആടുകളെക്കുറിച്ച് വിചാരം ഉണ്ടാകയില്ല. ഒരിക്കൽ തന്റെ ജോലികഴിഞ്ഞാൽ, പിന്നെ അവൻ ആടുകളോട് കർത്തവ്യ ബോധമില്ല. രണ്ട്, അവിശ്വസ്തരായ ഇടയന്മാരെ പോലെയല്ല യേശു, കാരണം അവൻ നിസ്വാർത്ഥമായി കരുതലുള്ളവനാണ്. അവിശ്വസ്തനായ ഇടയനെക്കുറിച്ച് ദൈവത്തിനു വേണ്ടി സംസാരിച്ച യെഹെസ്കേൽ എഴുതി:

> നിങ്ങൾ ബലഹീനനായതിനെ ശക്തികരിക്കുകയോ ദീനം പിടിച്ചതിനെ ചികിൽസിക്കുകയോ ഒടിഞ്ഞതിനെ മുറിവു കെട്ടുകയോ കാണാതെ പോയതിനെ അന്വേഷിക്കുകയോ ചെയ്യാതെ; കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു. ഇടയൻ ഇല്ലായ്ക കൊണ്ട് അവ ചിതറി പോയി, ചിതറി പോയിട്ടോ അവ കാട്ടിലെ സകല മൃഗങ്ങൾക്കും ഇരയായിത്തീർന്നു. എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നു നടന്നു, ഭൂതലത്തിലൊക്കെയും എന്റെ ആടുകൾ ചിതറി പോയി;

ആരും അവയെ തിരകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല (യെഹെസ്കേൽ 34:4-6).

ആ ഇടയൻമാരിൽ നിന്ന് വ്യത്യസ്തനാണ് യേശു. അവൻ "നല്ല" ഇടയനാകുന്നു. യേശു ഉപയോഗിച്ച "നല്ല" എന്ന വാക്ക് ഏതാണ്ട് "സുന്ദരമായ" എന്നർത്ഥം. അവൻ സുന്ദരനായ ഇടയൻ ആകുന്നു. അവൻ ശമ്പളത്തിനായി സേവിക്കുന്നവനല്ല, എന്നാൽ സേവനത്തിനായി തന്റെ ജീവൻ നല്കുന്നു കാരണം ആടുകളെ സ്നേഹിക്കുന്നു. അത് അവയുടെ സുരക്ഷിതത്വത്തിനായി അവന്റെ ജീവരക്തമാണ് കൊടുത്തത്. അപകട ഭീഷണി വരുമ്പോൾ - ചെന്നായോ സിംഹമോ ആട്ടിൻകൂട്ടത്തെ ഉപദ്രവിക്കുവാൻ വരുമ്പോൾ - അവൻ തന്നെത്താൻ രക്ഷയ്ക്കായി ഓടി ഒളിക്കുകയില്ല. അവൻ തന്റെ ജീവനേക്കാൾ ആടുകളുടെ ജീവനെക്കുറിച്ച് കരുതുന്നു.

യേശുവിന് ആടുകളോട്, തന്റെ പിതാവിനോടുള്ള ബന്ധം പോലെ - അടുത്തും, സ്നേഹമുള്ളതും, യോഹന്നാൻ 10:14, 15 ലേതു പോലെ പൊതുവിൽ ഒന്നായതും ആണ്. അവൻ തന്റെ ആടുകളോടുള്ള ബന്ധം അറിയിക്കുന്നതിന് ഈ രണ്ട് വാകൃങ്ങളിൽ "അറിയുക" എന്ന വാക്ക് നാലുപ്രാവശ്യം യേശു ഉപയോഗിച്ചു. അവൻ ഇരുട്ടിലും, വെളിച്ചത്തിലും തന്റെ ആടുകളോടു കൂടെ ആരോഗ്യത്തിലും കഷ്ടതയിലും, ആപത്തിലും, സമാധാനത്തിലും ഉണ്ടാകും. അവൻ ആടുകളെ വ്യക്തിപരമായി അറിയുന്നു. ഓരോ ആടിനെയും തുടർച്ചയായി ശ്രദ്ധിക്കുകയും കരുതുകയും ചെയ്യുന്നു. അവൻ പ്രോത്സാഹിപ്പിക്കുകയും കരുതുകയും തന്റെ ആടുകളെ സൗമ്യതയോടെ സൂക്ഷിക്കുകയും ചെയ്യുന്നു; അവൻ തന്റെ ശക്തിയാൽ അപകടത്തിൽ നിന്ന് അവയെ രക്ഷിക്കും.

ഒരു ഡാം പൊട്ടിയപ്പോൾ വെള്ളപ്പൊക്കം ഉണ്ടായ സ്ഥലത്ത് കുടുങ്ങിപോയ ഒരു വൃദ്ധദമ്പതികളുടെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. വെള്ളം ഉയർന്നു കൊണ്ടിരിക്കുന്നു, രക്ഷാ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. വെള്ളം ഉയർന്നു കൊണ്ടിരുന്നത് യാത്ര തടസ്സപ്പെടുത്തി. ഓരോ നിമിഷവും വിലയേറിയതായിരുന്നു. ആ വയസ്സായ ദമ്പതികൾ അവരുടെ വീടിന്റെ മുകളിൽ സഹായത്തിനായി കാത്തിരുന്നു. ഒരു രക്ഷാ ബോട്ട് വന്നപ്പോൾ, അതിൽ ഒരാൾക്ക് മാത്രമേ കയറാൻ ഇടമുണ്ടായിരുന്നുള്ളു. ഭർത്താവ് ഭാര്യയോട് ആ സീറ്റിൽ കയറുവാൻ ആവശ്യപ്പെട്ടു, എന്നാൽ അവൾ അത് നിരസിക്കതന്നെ ചെയ്തു. അപകടം ഉണ്ടായാലും അവൾ തന്റെ ഭർത്താവിനോടൊപ്പം ആകുവാൻ ആഗ്രഹിച്ചു. പാഴാക്കുവാൻ സമയം ഇല്ലായിരുന്നു; വെള്ളം വേഗത്തിൽ ഉയർന്നു കൊണ്ടിരുന്നു. രക്ഷാ പ്രവർത്തകൻ പറഞ്ഞു, "ഞാൻ ഇവരെ സുരക്ഷിതമായി എത്തിച്ച ശേഷം മടങ്ങിവരാം. വരുമെന്നാണ് ഞാൻ

പ്രത്യാശിക്കുന്നത്, എന്നാൽ നാം എടുക്കുന്നത് സാഹസമാണ്. കാരണം വെള്ളം അതിവേഗത്തിൽ ഉയരുകയാണ്." അവൻ ഉയർന്ന പ്രദേശം നോക്കി ആ യാത്രക്കാരെയും കൊണ്ട് തിരിച്ചു വരുകയും ചെയ്തപ്പോൾ കണ്ടത്, ആ വീടും അതിനുമുകളിൽ ഉണ്ടായിരുന്ന ദമ്പതിമാരും വെള്ളത്തിന്റെ ഒഴുക്കിൽ ഒലിച്ച് പോയതാണ്. ആ പ്രിയപ്പെട്ട ഭാര്യ ഭർത്താവിനോടൊപ്പം നിന്നു ഒരുമിച്ച് മരിക്കേണ്ടിവരുമെന്ന് അറിഞ്ഞുകൊണ്ടു തന്നെ അതിനേക്കാൾ വലിയ സ്നേഹം ഉണ്ടോ? ഉണ്ട്. "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല" (യോഹന്നാൻ 15:13). മറ്റുള്ളവർ ജീവിക്കേണ്ടതിന് മരിക്കുക എന്നത് എല്ലാറ്റിലും വലിയ സ്നേഹമാണ്. നമ്മുടെ ഇടയന്റെ സ്നേഹം അത്തരത്തിൽ ആഴമേറിയതും, മരണത്തേക്കാൾ ശക്തിയുള്ളതും ആകുന്നു. അവൻ ആടുകൾക്ക് വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു (യോഹന്നാൻ 10:15).

എല്ലാ തെളിവുകളും സൂചിപ്പിക്കുന്നത് യോഹന്നാന്റെ സുവിശേഷം എഴുതപ്പെട്ടവർ ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, ഒരു പക്ഷെ എ.ഡി. 85–95 ആയിരിക്കാം. അതുകൊണ്ടു, ആദ്യ വായനക്കാർ ആടുകൾക്കു വേണ്ടി യേശു തന്റെ ജീവനെ കൊടുത്തു എന്നറിയുക മാത്രമല്ല, അവനങ്ങനെ ചെയ്തു എന്നും അറിഞ്ഞു. സഭയ്ക്കു വേണ്ടി അവൻ മരിച്ചതുകൊണ്ട് ആടുകൾക്ക് വേണ്ടിയുള്ള അവന്റെ കരുതൽ പൂർണ്ണമായി മനസ്സിലായി.

ഈ സത്യം നമുക്ക് എത്ര അന്വർത്ഥമാണ്! നമ്മെ നയിക്കുന്ന ഒരു സർവ്വ ശക്തനായ കർത്താവ് നമുക്കുണ്ട്. അവൻ നമ്മെ ഓരോരുത്തരെയും സ്നേഹിക്കുകയും മുദ്രയിടുകയും സഹായിക്കുകയും മാത്രമല്ല അവന്റെ സ്നേഹവും സംരക്ഷണവും നമുക്കുണ്ട്. പൗലൊസ് പറഞ്ഞു, "ശത്രുക്കളായി ഇരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും" (റോമർ 5:10). നാം പാപത്തിൽ ശത്രുക്കളായി ഇരുന്നപ്പോൾ യേശു മരണത്തോളം നമ്മെ സ്നേഹിച്ചത് ഇപ്പോൾ നമ്മുടെ രക്ഷയ്ക്കു വേണ്ടി തന്റെ ആടുകൾക്കായി അവ ജീവിക്കേണ്ടതിന് എത്രയധികം നമ്മെ രക്ഷിക്കുന്നു?

## ഉപസംഹാരം

യോഹന്നാൻ 10–ൽ ക്രിസ്തുവിന്റെ ഉപമ വ്യക്തമാക്കുന്നത് സഭ ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടമാണെന്നും അവർ അവനുള്ളവരാണ് എന്നുമാണ്. അവൻ പറഞ്ഞു, "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കുന്നു; ഒരാട്ടിൻ കൂട്ടവും ഇടയനുമാകുന്നു"

(യോഹന്നാൻ 10:16). "വേറെ ആടുകൾ" എന്നവൻ സൂചിപ്പിച്ചത് അല്ലെങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, ജാതികളും അവന്റെ ശബ്ദം കേട്ട് അവന്റെ കൂട്ടത്തിലേക്ക് വരും എന്നതാണ്. അവന്റെ ഉപമയിൽ ഒരു ആട്ടിൻ കൂട്ടവും ഒരു ഇടയനും ആണ് ഉള്ളത്. ഒന്നുകിൽ ഒരു ഇടയന്റെ കീഴിൽ അവന്റെ കൂട്ടത്തിൽ ആയിരിക്കും, അല്ലെങ്കിൽ നാം അല്ലായിരിക്കും. ഒന്നുകിൽ നാം പുതിയ നിയമസഭയായ, അവന്റെ സഭയിൽ ആയിരിക്കും, അല്ലെങ്കിൽ നാം അല്ലായിരിക്കും.

കൂട്ടം/ ഇടയൻ എന്ന ഉപമയിൽ അന്തർലീനമായിരിക്കുന്നത്, നമ്മുടെ ഭയവും ഉത്കണ്ഠയും നീങ്ങുന്നു എന്നതാണ്. നാം ആരാണെന്ന് നമുക്കറിയാം, കാരണം നാം അവന്റെ ആടുകളാണ്; നമുക്ക് എന്തു ചെയ്യണമെന്ന് അറിയാം, കാരണം നാം അവന്റെ ശബ്ദ സഹായത്തിലാണ്; നമ്മുടെ ഭാവി ഭദ്രമാണ്, കാരണം നാം അവന്റെ ജീവനും മരണവും നിമിത്തം സുരക്ഷിതരാണ്. അവൻ നമ്മുടെ കർത്താവാകകൊണ്ട് നമുക്ക് ഒരു ഉടമസ്ഥാവകാശബോധം ഉണ്ട്; സ്വർഗീയ കർത്താവ് നമ്മുടെ നായകൻ ആയതുകൊണ്ട് നമുക്ക് യഥാർത്ഥ പരിജ്ഞാനം ഉണ്ട്; സർവ്വ ശക്തനായ ക്രിസ്തു തന്റെ ജീവൻ നമുക്കു വേണ്ടി നല്കിയത് കൊണ്ട് നമുക്ക് സ്വർഗ്ഗീയമായ കരുതലുണ്ട്! നാം ആരാണെന്ന് അറിഞ്ഞാൽ ഉപമ തെറ്റു പറ്റാത്ത സഹായം ലഭിക്കുന്നതു കൊണ്ടും ക്രിസ്തുവിന്റെ യാഗത്താലുള്ള സംരക്ഷണം ലഭിക്കുന്നത് കൊണ്ട്, നാം എന്തിനു ഭയപ്പെടണം? നമ്മുടെ ഇടയനിലുള്ള വിശ്വാസം നമ്മുടെ ഭയത്തെ അകറ്റുന്നു.

മോശെയുടെ കാലത്തിൽ ദൈവത്തെക്കുറിച്ച് ദാവീദ് എഴുതിയതായ സങ്കീർത്തനങ്ങൾ 23 യേശുവിൽ നമുക്ക് ബാധകവും അനുമോദനാർഹവുമാണ്:

[യഹോവ] എന്റെ ഇടയനാകുന്നു;
എനിക്കു മുട്ടുണ്ടാകയില്ല.
പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു;
സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു.
എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;
തിരുനാമംനിമിത്തം
എന്നെ നീതിപാതകളിൽ നടത്തുന്നു.

കൂരിരുൾതാഴ്വരകളിൽ കൂടി നടന്നാലും
 ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല;
നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ;
നിന്റെ വടിയും കോലും, എന്നെ ആശ്വസിപ്പിക്കുന്നു.
എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു;
എന്റെ തലയെ എണ്ണ കൊണ്ടു അഭിഷേകം ചെയ്യുന്നു;
എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.
നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കയും

എന്നെ പിൻതുടരും;
ഞാൻ [യഹോവയുടെ ആലയത്തിൽ] ദീർഘകാലം വസിക്കും.

വർഷങ്ങൾക്കു മുമ്പ്, ഒരു യുവാവായ ഉപദേഷ്ടാവായിരുന്ന ഞാൻ, ക്രിസ്തുവിലുള്ള ഒരു സഹോദരന്റെ ശവസംസ്കാരത്തിൽ പങ്കെടുത്തു. ആ സംസ്കാരശുശ്രൂഷയിൽ പ്രസംഗിച്ചത് എന്റെ ഭൗതിക സഹോദരൻ ആയിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ, മരിച്ച ആൾക്ക് അന്നു നാല്പതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. അയാളുടെ അഭിപ്രായ സൂചനയായി, എന്റെ സഹോദരൻ മരിക്കുന്ന തിനു മുൻപുള്ള അദ്ദേഹത്തിന്റെ അവസാന വാക്കുകൾ എന്തെന്ന് പറഞ്ഞു. അയാൾ പറഞ്ഞതെന്തെന്നാൽ അയാൾ തന്റെ ചുണ്ടിൽ സങ്കീർത്തനം 23 മന്ത്രിച്ചു കൊണ്ട്, അന്ത്യശ്വാസം വലിച്ചു. അയാളുടെ ജീവിതാവസാന നിമിഷങ്ങൾ, സങ്കീർത്തനം 23 ഉദ്ധരിക്കുന്നതിൽ ആശ്വാസം കണ്ടെത്തി.

ദൈവത്തെ നമ്മുടെ ഇടയനായി കാണുമ്പോൾ കുഴപ്പങ്ങൾ നേരി ടുന്ന നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഭയം തോന്നുകയും സമാധാനം വരുകയും ചെയ്യും. ഈ ഉപമ യേശു നല്ല ഇടയനായി തന്നെ അനുഗ മിക്കുന്ന ആളുകളെ പോലെയുള്ളവർക്ക് നമ്മുടെ വിചാരങ്ങൾ അതേ രൂപത്തിൽ നീങ്ങി പോകുന്ന ചിത്രം നല്കുന്നു.

നിങ്ങൾ ക്രിസ്തുവിന്റെ കൂട്ടത്തിൽ അല്ലെങ്കിൽ, ആ വാതിലിലൂടെ അകത്തു പ്രവേശിക്കുക - ആ വാതിൽ ക്രിസ്തു തന്നെ. ക്രിസ്തു അതേ രീതിയിലുള്ള ഉപമ (യോഹന്നാൻ 10:7–9) വളരെ വിശാലമായി തന്നെയാണ് നല്കിയത് (യോഹന്നാൻ 10:1–5, 10–18). അവൻ പറഞ്ഞു, “ഞാൻ വാതിലാകുന്നു; എന്നിലൂടെ കടക്കുന്ന ആൾ രക്ഷപ്പെടും, അവൻ അകത്തു വരികയും, പുറത്തു പോകയും, മേച്ചിൽ കണ്ടെ ത്തുകയും ചെയ്യും” (യോഹന്നാൻ 10:9). ക്രിസ്തു പിന്നീട് പറഞ്ഞു, “ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാ ന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല” (യോഹ ന്നാൻ 14:6). ഒരാൾ അവന്റെ വചനം അനുസരിക്കുമ്പോൾ അയാൾ ക്രിസ്തുവിന്റെ കൂട്ടത്തിൽ പ്രവേശിക്കുന്നു (യോഹന്നാൻ 8:24; ലൂക്കൊസ് 13:3; മത്തായി 10:32, 33; മർക്കൊസ് 16:16).

നല്ല ഇടയനായ, ക്രിസ്തുവിലേക്കു വരിക. അവന്റെ കൂട്ടത്തിൽ പ്രവേശിച്ച്, നിങ്ങളുടെ ജീവിതത്തിൽ അവനെ ഇടയനാവാൻ അനു വദിക്കുകയും അവൻ നല്കുന്ന സമൃദ്ധമായ ജീവനിൽ പങ്കാളിയാ കുകയും ചെയ്യുക (യോഹന്നാൻ 10:10). അവന്റെ കൂട്ടത്തിൽ, നിങ്ങൾക്ക് രക്ഷയുണ്ട് (യോഹന്നാൻ 10:9), സമൃദ്ധമായ ജീവൻ (യോഹ ന്നാൻ 10:10), ഭയത്തിൽ നിന്നുള്ള മോചനം (യോഹന്നാൻ 10:12), സ്നേഹം ഉണ്ട് (യോഹന്നാൻ 10:15), സഹായം ഉണ്ട് (യോഹന്നാൻ 10:4, 5), നിത്യ ജീവനും ഉണ്ട് (യോഹന്നാൻ 10:17). ക്രിസ്തുവിന്റെ കൂട്ടത്തിൽ ഒരാടിനേക്കാൾ ശ്രേഷ്ഠമായ വഴി ജീവിക്കുവാൻ മറ്റൊന്നു നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയുമോ?

## ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. നിങ്ങൾ നിരാശപ്പെടുമ്പോൾ എന്തു ചെയ്യുന്നു?
2. യോഹന്നാന്റെ സുവിശേഷത്തിൽ എത്ര ഉപമകൾ നല്കിയിട്ടുണ്ട്?
3. ക്രിസ്തു സഭയുടെ കർത്താവ് എന്നതിൽ നമുക്കും അവനും എന്ത് അർത്ഥമാണുള്ളതെന്ന് വിവരിക്കുക?
4. ക്രിസ്തു തന്റെ കൂട്ടത്തെ കരുതുന്നു എന്നത് നിങ്ങളെ എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു?
5. യോഹന്നാൻ 10:10 ന്റെ സന്ദർഭത്തിൽ പ്രത്യേകമായ അർത്ഥം വിവരിക്കുക?
6. ആടുകൾക്ക് സ്വയം സഹായിക്കുവാനുള്ള കഴിവില്ലായ്മയെ വിവരിക്കുക.
7. ഒരു ഇടയൻ തന്റെ ആടുകൾക്ക് നായകത്വം നല്കുന്നതെങ്ങനെ?
8. ദൈവിക സഹായം നിരസിക്കുന്ന ആളുകളുടെ ഭാവി എന്തായിരിക്കും?
9. നല്ല ഇടയനും "കൂലിക്കാരും" തമ്മിലുള്ള വ്യത്യാസം വിവരിക്കുക.
10. യെഹസ്ക്കേൽ 34:4-6 ൽ വിവരിക്കുന്ന അവിശ്വസ്തനായ ഇടയന്റെ സ്വഭാവങ്ങൾ നല്കുക.
11. യോഹന്നാൻ 10 ലെ "അറിയുക" എന്ന വാക്കിന്റെ ഉപയോഗം നിരീക്ഷിക്കുകയും ആ വാക്കിന്റെ അർത്ഥം വിശദമാക്കുകയും ചെയ്യുക (വാക്യങ്ങൾ 14 ഉം 15ഉം ശ്രദ്ധിക്കുക).
12. "വേറെ ആടുകൾ" എന്ന യോഹന്നാൻ 10:16 ലെ പരാമർശം ആരെക്കുറിച്ചാണ്?
13. ഒരു വ്യക്തി ക്രിസ്തുവിന്റെ ആടായിത്തീരുന്നതെങ്ങനെ?

© 2009 Truth for Today